LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി

158 (7127) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, കോട്ടുകാൽ, കരുംകുളം, കാഞ്ഞിരംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ നിന്നായി പട്ടയത്തിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ഈ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന വില്ലേജുകളിൽ പട്ടയത്തിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷയുടെ കണക്ക് താഴെ കൊടുക്കുന്നു :

വിഴിഞ്ഞം	-	566
വെങ്ങാനൂർ	-	27
കല്ലിയൂർ	-	17
കോട്ടുകാൽ	-	45
കരുംകുളം	-	1414
തിരുപുറം	-	40
കാഞ്ഞിരംകുളം	-	...

(ബി & സി) പ്രസ്തുത അപേക്ഷകളിൽ കേരള ഭൂമി പതിവ് ചട്ടപ്രകാരം പരിശോധിച്ച് അപേക്ഷകളിന്മേൽ സർവെ നടത്തേണ്ടതും സർവെ നടത്തുന്ന ഭൂമികളിൽ സർവെ റിക്കോർഡുകൾ തയ്യാറാക്കേണ്ടതുമുണ്ട്. കൂടാതെ ഫിഷറീസ്, തുറമുഖം, ടൂറിസം വകുപ്പുകളുടെയും അനുമതിയും ആവശ്യമാണ്. തഹസിൽദാരുടെയും ജില്ലാ കളക്ടറുടെയും ലാന്റ് റവന്യൂ കമ്മീഷണറുടെയും ശിപാർശകളോടെ പ്രസ്തുത അപേക്ഷകൾ സർക്കാരിലെത്തുമ്പോൾ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകുന്നത്.

കാസർഗോഡ് ജില്ലയിൽ പട്ടയമേള

159 (7128) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് മാസത്തിൽ കാസർഗോഡ് ജില്ലയിൽ പട്ടയമേള സംഘടിപ്പിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

Page 1

(ബി) ഈ മേളയിൽ എത്ര പേർക്ക് ഏതൊക്കെ വില്ലേജുകളിൽ എത്ര പട്ടയം വിതരണം ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിൽ എത്രപേർക്ക് പട്ടയപ്രകാരം നൽകിയ ഭൂമി അളന്ന് അതിർത്തിതിരിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 3-3-2014-ൽ പട്ടയമേള സംഘടിപ്പിച്ചിരുന്നു.

(ബി) 10271 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജില്ലയിൽ മിക്ക ഗുണഭോക്താക്കൾക്കും അവരുടെ സ്വന്തം വില്ലേജുകളിലാണ് ഭൂമി പതിച്ചുനൽകിയത്. ഭൂമി കാണിച്ച് കൊടുക്കുന്ന നടപടി നടന്നുവരുന്നു. മുഴുവൻ പേർക്കും സമയബന്ധിതമായി അളന്ന് കാണിച്ച് കൊടുക്കുന്നതിനുള്ള ഷെഡ്യൂൾ ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുണ്ട്. ഉടൻ പൂർത്തിയാകുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

160 (7129) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര കർഷകരാണ് പത്തനംതിട്ട ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാൻ അപേക്ഷ നൽകിയിരിക്കുന്നത് ; ഇവർക്കെല്ലാവർക്കുംകൂടി എത്ര ഏക്കർ ഭൂമിയുടെ പട്ടയമാണ് നൽകാനുള്ളത് ;

(ബി) ഇവർക്ക് പട്ടയം നൽകാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; ഇവർക്ക് പട്ടയം നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഇവർക്ക് പട്ടയം നൽകാൻ എത്രനാൾ വേണ്ടിവരുമെന്ന് പ്രത്യേകം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള ഏതൊക്കെ വില്ലേജുകൾ പത്തനംതിട്ട ജില്ലയിൽ ഉണ്ട് ; ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ വില്ലേജുകളിലെ പട്ടയം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത വില്ലേജുകൾ ഏതൊക്കെ ; ഇവിടെ ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; ജോയിന്റ് വെരിഫിക്കേഷൻ എന്നത്തേക്ക് പൂർത്തിയാകും ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly